## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | കുടുംബമാഗസിൻ<br>കുട്ടികളുടെയും രക്ഷിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കുടുംബ മാഗസിൻ | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി • സർവന്റ്സ് എഫ് .എം. അവതരണ മികവ്. | ‘സർവന്റ്സ് റേഡിയോ - 24’<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി ടി എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | ഐഡിയ ബോക്സ് സ്ഥാപിക്കൽ<br>ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>വാക്റ്റു ഫൗണ്ടേഷന്റെ സഹായത്തോടെ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | അധ്യാപക ഗവേഷക വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ലഘു ഇലക്ട്രോണിക് ഉപകരണങ്ങളുടെ പ്രവർത്തന ശില്പശാല ഒരുക്കൽ | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ വ പരിശോധിക്കൽ ടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രാ ബോധം ഉള്ളവരാക്കി യെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| നാധിപത്യപരമായ ിത സമീപനം രൂപ ുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| കൃതി ദുരന്തങ്ങളെ ിച്ച് മനസിലാക്കി പ്രവർത്തനങ്ങളിൽ ഷടാൻ പഠിതാ ള ബോധവാന്മാരാ ു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| Aim | Activities | Duration | Duty. |
| --- | --- | --- | --- |
| increase vocabulary | One day one word | July - March. | SRG |
| To develop writing skill | Making a magazine | January. | " |
| To improve presentation skill | English Assembly | July - March. Every week | " |
| To improve communication skill | English Fest | January. | " |

| | | | | |
|---|---|---|---|---|
| [illegible] | To improve Communication skill | - LENS - Camp for Students & Parents. | Sep - March. | RP |
| [illegible] | To enhance LSRW skill | English workshops. | July - February | " |
| 7. | To improve Presentation skill | STUDENT'S RADIO. | July - March | SRG |
| | | | | |

Subject. Work Integrated Education.

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | നേട്ടങ്ങൾ |
|---|---|---|---|
| 1. നൂതനമായ രീതിയിൽ പച്ചക്കറി കൃഷി നടത്തുന്നു. | 1. ലംബകൃഷി. സാധനങ്ങൾ വെർട്ടിക്കൽ ഗ്രീൻ നെറ്റ്, PVC പൈപ്പ്, ഹോൾഡിംഗ് റിങ്ങുകൾ. 2. ഗ്രോബാഗ് ഹാങ്ങിംഗ് ഹോൾഡിംഗ് സിസ്റ്റം | ജൂൺ - ജൂലായ് | |
| 2. പൈപ്പുകളും ഫിറ്റിംഗുകളും ഉപയോഗിച്ച് ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള ശേഷി ആർജ്ജിക്കുക | 1. പ്ലംബിംഗ് PVC പൈപ്പ്, ഫിറ്റിങ്സ്, ഇൻസ്ട്രുമെന്റ് | ആഗസ്റ്റ് | |
| 3. തൈയിൽ സാന്ദ്രത ഉണ്ടാക്കുന്നു. | 1. ചന്ദനത്തിരി നിർമ്മാണം സാധനങ്ങൾ ചന്ദനത്തിരി കിറ്റ് 2. ഫൈബർ ബോർഡ്, വയൽ നിർമ്മാണം സാധനങ്ങൾ:- ബോർഡ്, | | |

| | | |
|---|---|---|
| | വല, ചരട്, ന്യൂസ് പേപ്പർ<br>മുതലായവ | സെപ്തംബർ - |
| | 3. കുട നിർമ്മാണം<br>കുടനിർമ്മാണത്തിനുള്ള കിറ്റ് | നവംബർ |
| | 4. ചവിട്ടി നിർമ്മാണം<br>കയർ, frame. | |
| | 5. ഓഫീസ് സ്റ്റേഷനറി നിർമ്മാണം | |
| 4. കെട്ടിടത്തിന്റെ ലേഔട്ട് പ്ലാൻ തയ്യാറാക്കൽ | ചെറിയ ലേഔട്ടിന്റെയും കെട്ടിടങ്ങളുടെ പ്ലാനുകൾ വരക്കുന്നു-<br>സാമഗ്രികൾ A3 ഡ്രോയിംഗ് പേപ്പർ<br>ഇൻസ്ട്രുമെന്റ് ഉപകരണങ്ങൾ | ഡിസംബർ |
| 5. പാഴ്വസ്തു പരിപാലനം. | waste material. ഉപയോഗിച്ച് ഉപയോഗപ്രദമായ വസ്തുക്കൾ നിർമ്മിക്കുന്നു-<br>1. വേസ്റ്റ് ബാസ്കറ്റ് നിർമ്മാണം<br>പഴയ പേപ്പർ, ഉപയോഗിച്ച് നിർമ്മിക്കുന്നു- | |

2. LED ബൾബ്

വിളക്കായി LED ബൾബ് പുനരുപ
യോഗിക്കുന്നു

3. കരകൗശല നിർമ്മാണം
അലങ്കാര വസ്തുക്കൾ നിർമ്മിക്കുന്നു

4. [illegible] സാധനങ്ങൾ
നിർമ്മിക്കുന്നു -

ജനുവരി–
മാർച്ച്

GUPSCHOOL - KINALUR

അക്കാദമിക മാസ്റ്റർ പ്ലാൻ - UP 2025-26

വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല: അറബിക്

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഭാഷ എളുപ്പത്തിൽ പഠിക്കാനും സംസാരിക്കാനും ഉപയോഗിക്കാനുമുള്ള കഴിവ് കുറവ് | • ഭാഷാശേഷി തിരിച്ചറിയാൻ കുട്ടികളോടൊപ്പം സമയം ചെലവഴിച്ച് ഓരോരുത്തരുടെയും നിലവാരം കണ്ടെത്തുന്നു. ആവശ്യമായ ടൂളുകൾ ഉപയോഗിക്കുന്നു.(വായന, പദ്യോച്ചാരണം, എഴുത്ത്, അഭിനയം)<br>• അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനായി വാചകനിർമ്മാണം, ഭാഷാകേളികൾ, ഇടങ്ങിയ കളികൾ പ്രയോഗിക്കുന്നു.<br>• പിയർ ഗ്രൂപ്പ് പഠനം. | 2018 ആദ്യപാദം | 1000 | അറബി ക്ലബ് |
| ഭാഷ പഠിക്കുന്നത് കൊണ്ട് നിത്യജീവിതത്തിൽ ധാരാളം പ്രയോജനം ഉണ്ട് എന്ന ധാരണക്കുറവ് | വായനോത്സവം<br>• വായനാമത്സരം<br>• ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വാട്സ്ആപ്പ് ഗ്രൂപ്പ് | 2018 [illegible] ത്തോടെ | 25000 | പിടിഎ, അറബിക് ക്ലബ് |
| ഭാഷാപഠനം രസകരവും സന്തോഷകരവുമാക്കുന്നുള്ള ഉപകരണങ്ങളുടെ അഭാവം | അറബിക്കൊരു ചങ്ങാതി<br>• ഐസിടി വിഭവ ശേഖരണം<br>• സോഷ്യൽമീഡിയ പ്രയോജനപ്പെടുത്തൽ<br>• ഡിജിറ്റൽ ലൈബ്രറി<br>• ഭാഷാലാബുകൾ<br>• സിഡി ലൈബ്രറി | 208-2019 | 30000 | പിടിഎ, കമ്മറ്റി, പൂർവ്വവിദ്യാർത്ഥികൾ |
| അറബി ഭാഷ | എഴുത്തിന്റെ ലോകം | 2018 മുതൽ | 2000 | അറബിക് |
| ധാരാളം കാണാനും കേൾക്കാനും, എഴുതാനും സംസാരിക്കാനുമുള്ള അവസരക്കുറവ്. | • നോക്കിഎഴുത്ത് മത്സരം<br>• കേട്ടെഴുത്ത് മത്സരം<br>• നല്ല എഴുത്തിന് ഒരു സ്റ്റാർ<br>• കുറിപ്പുകൾ തയ്യാറാക്കൽ<br>• മാഗസിനുകൾ തയ്യാറാക്കൽ<br>• പരസ്പരമുള്ള എഴുത്ത് മത്സരം<br>• എഴുത്ത് പ്രദർശനം | | | ക്ലബ് |
| പഠനത്തോടൊപ്പം സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിന്റെ അഭാവം | അറബിയോടൊപ്പം<br>• അറബിക് മരം<br>• അറബിക് ചുമർ<br>• അറബിക് റൂം<br>• അറബിക് അസംബ്ലി<br>• ക്വിസ് മത്സരങ്ങൾ<br>• പോസ്റ്റർ കാർഡ് നിർമ്മാണം<br>• റാലികൾ<br>• പ്ലക്കാർഡുകൾ തയ്യാറാക്കൽ<br>• ചിത്ര പ്രദർശനം | 2018 മുതൽ | 5000 | അറബിക് ക്ലബ്, പിടിഎ |

UP. हिंदी - 2025-26. Academic master Plan.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 5,6,7 ക്ലാസ്സിലെ അക്ഷരബോധം ഉറപ്പിക്കൽ | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ<br>അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്, അക്ഷരമാല പ്രദർശനം, വായന കാർഡ് | June to Feb | ഹിന്ദി അധ്യാപകർ | |
| ഹിന്ദി വായന | പുസ്തകങ്ങൾ, വായന കാർഡുകൾ ഹിന്ദി ചിത്രങ്ങൾക്ക് വീഡിയോകൾ മുതലായവ ഉപയോഗിക്കുന്നു. | ,, | ,, | |
| പദനിർമ്മാണം | അക്ഷരങ്ങൾ നൽകി പുതിയ പുതിയ വാക്കുകൾ നിർമ്മിക്കാനുള്ള അവസരം. | ,, | ഹിന്ദി അധ്യാപകർ | |
| വാക്യനിർമ്മാണം. | വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കാം. വായന കാർഡുകൾ ഉപയോഗിക്കാം. | ,, | | |
| സംഭാഷണങ്ങൾ മനസ്സിലാക്കാനും പറയാനും ഉള്ള അവസരം (सुरीली हिंदी) | ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ കവിത വായന മത്സരങ്ങൾ ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | | | |

UP. हिंदी - 2025-26. Academic master Plan.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 5,6,7. ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്, അക്ഷരമാല പ്രദർശനം, വായന കാർഡ് | June to Feb | ഹിന്ദി അധ്യാപകർ | |
| ഹിന്ദി വായന | പുസ്തകങ്ങൾ, വായന കാർഡുകൾ ഹിന്ദി ചിത്രങ്ങൾക്കു വീഡിയോകൾ മുതലായവ ഉപയോഗിക്കുക. | ,, | ,, | |
| പദനിർമാണം | അക്ഷരങ്ങൾ നൽകി പുതിയ പുതിയ വാക്കുകൾ നിർമ്മിക്കാനുള്ള അവസരം | ,, | ഹിന്ദി അധ്യാപകർ | |
| വാക്യനിർമാണം. | വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കാം. വായന കാർഡുകൾ ഉപയോഗിക്കുക. | ,, | | |
| ആശയങ്ങൾ തെറ്റുകൂടാതെ എഴുതാനും പറയാനും ഉതകുന്ന തരം (स्पोकन हिंदी) | ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ അധിക വായന സാമഗ്രികൾ ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | - | | |